## പതിനാലാം കേരള നിയമസഭ

## 16-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.36** **28.10.2019-ൽ മറുപടിയ്ക്ക്**

## മരടിലെ ഫ്ലാറ്റുകൾ

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ: | മറുപടി<br>**പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
|---|---|
| (എ) മരടിലെ ഫ്ലാറ്റുകൾ പൊളിച്ച് നീക്കുമ്പോൾ ഉണ്ടാകുന്ന പരിസര മലിനീകരണവും, പുഴ മലിനീകരണവും തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാന സർക്കാർ രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി പരിസര മലിനീകരണവും പുഴ മലിനീകരണവും തടയുന്നതിനു വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് നിർദ്ദിഷ്ട കെട്ടിട സമുച്ചയങ്ങൾ പൊളിക്കുന്നതിനുള്ള ഏജൻസികളുമായി കരാർ വച്ചിട്ടുള്ളത്. ഇതുമൂലമുണ്ടാകുന്ന ഡിമോളിഷൻ വേസ്റ്റ് പരിസ്ഥിതിയ്ക്ക് യാതൊരു ദോഷവുമില്ലാതെ നിർമ്മാർജ്ജനം ചെയ്യുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ മരട് മുനിസിപ്പൽ സെക്രട്ടറിയ്ക്ക് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുണ്ട്. |
| (ബി) ഫ്ലാറ്റിന് സമീപ പ്രദേശത്തുള്ള കെട്ടിടങ്ങൾക്കും, അതിലെ താമസക്കാർക്കും ഫ്ലാറ്റ് പൊളിക്കുമ്പോൾ ഉണ്ടാകുന്ന ആഘാതത്തിൽ നിന്നും പരിരക്ഷ | (ബി) ഉണ്ട്. ഫ്ലാറ്റുകൾക്ക് സമീപത്ത് 100 മീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്കും അവിടുത്തെ താമസക്കാർക്കുമായി ഇൻഷ്വറൻസ് |

| | |
|---|---|
| നൽകുന്നതിന് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ, വിശദമാക്കുമോ? | പരിരക്ഷ ഉറപ്പുവരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ